നമ്പർ ജി2- 6242/2016

ജയിൽ ആസ്ഥാന കാര്യാലയം
തിരുവനന്തപുരം
തീയതി : 06-04-2016

## സർക്കുലർ നമ്പർ 30/2016

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് ഉത്തര മേഖലയിലുള്ള ചില ജയിലുകൾ സന്ദർശിച്ച അവസരത്തിൽ പലസ്ഥാപനങ്ങളിലേയും തടവുകാരുടെ ബ്ലോക്കുകളിലും സെല്ലുകളിലും സ്ഥാപിച്ചിട്ടുള്ള സീലിംഗ് ഫാനുകൾ പ്രവർത്തന രഹിതമായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടു. അവ റിപ്പയർ ചെയ്യുന്ന കാര്യത്തിൽ സൂപ്രണ്ടുമാർ വേണ്ടത്ര പ്രാധാന്യം കൊടുക്കാത്തതായി മനസ്സിലാക്കുന്നു. ആയതിനാൽ തടവുകാരുടെ സെല്ലുകളിലും ബ്ലോക്കുകളിലും സ്ഥാപിച്ചിട്ടുള്ള സീലിംഗ് ഫാനുകൾ പ്രവർത്തന ക്ഷമമല്ലെങ്കിൽ അവ ഉടനടി നന്നാക്കി പ്രവർത്തനയോഗ്യമാക്കുന്നതിന് സൂപ്രണ്ടുമാർ നടപടി സ്വീകരിക്കേണ്ടതാണ്. ജയിൽ മേഖലാ ഡി.ഐ.ജിമാർ ജയിൽ സന്ദർശിക്കുന്ന വേളയിൽ ഇക്കാര്യം പരിശോധിക്കേണ്ടതാണ്. ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് ന്റെ ജയിൽ സന്ദർശനവേളകളിൽ അന്തേവാസികളുടെ ബ്ലോക്കുകളിലെ/ സെല്ലുകളിലെ സീലിംഗ് ഫാനുകൾ പ്രവർത്തിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട സൂപ്രണ്ടും മേഖലാ ഡി.ഐ.ജിയും ഇക്കാര്യത്തിൽ ഉത്തരവാദിയായിരിക്കുന്നതാണ് എന്ന് അറിയിക്കുന്നു.

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

എല്ലാ ജയിൽ സ്ഥാപന മേധാവികൾക്കും

പകർപ്പ് :-

ഐ.ജി ഓഫ് പ്രിസൺസ്/മേഖല ഡിഐ.ജിമാർ/ സി.എ. ടു. ഡി.ജി.പി
സൂപ്രണ്ട്, ജനറൽ സെക്ഷൻ, ഫയൽ/കരുതൽ ഫയൽ

റ്റി.എസ്